# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 888 10.02.2016-ൽ മറുപടിക്ക്

### ജലനിധി രണ്ടാം ഘട്ടം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി.റ്റി.ബൽറാം<br>,, ആർ . സെൽവരാജ്<br>,, സണ്ണി ജോസഫ്<br>,, വർക്കല കഹാർ | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ. ജലനിധി രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കാൻ കർമ്മ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ , വിശദമാക്കുമോ; | എ. 1022 കോടി രൂപ മുതൽ മുടക്കി 2012-17 കാലയളവിൽ ഗ്രാമ പഞ്ചായത്തുകളിൽ ജനകീയ പങ്കാളിത്തത്തോടെ കുടിവെള്ള ശുചിത്വ സൗകര്യങ്ങൾ ഒരുക്കുന്ന രണ്ടാംഘട്ട ജലനിധി പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. പദ്ധതിയുടെ ഒന്നാം ബാച്ചിൽ ആലപ്പുഴ എറണാകുളം ഒഴികെ കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നുമുള്ള തെരെഞ്ഞെടുക്കപ്പെട്ട ഗ്രാമ പഞ്ചായത്ത് കളിലും തുടർന്നുള്ള ബാച്ചുകളിൽ കാസർ ഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, കോഴിക്കോട്, പാലക്കാട്, കോട്ടയം, ഇടുക്കി, തൃശ്ശൂർ എന്നീ 9 ജില്ലകളിലെ തെരഞ്ഞെടുത്ത വിവിധ പഞ്ചായത്ത് കളിലുമാണ് പദ്ധതി നടപ്പി ലാക്കുന്നത്. |
| ബി. എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനു ദ്ദേശിക്കുന്നത്; വിശദമാക്കുമോ; | ബി. പദ്ധതി നടപ്പാക്കുന്നതിലൂടെ ഗ്രാമീണ ജനതയ്ക്ക് ഗുണമേന്മയേറിയതും, സുസ്ഥിരവുമായ കുടിവള്ള ശുചിത്വ സൗകര്യങ്ങൾ ആവശ്യാധിഷ്ഠിതമായി വികേന്ദ്രീകൃത രീതിയിൽ ഒരുക്കുന്നതാണ് പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം. മൂന്നു ബാച്ചുകളിലായി 11.5 ലക്ഷത്തോളം |

| | | | |
|---|---|---|---|
| | | | പേർക്ക് സുരക്ഷിതമായ കുടിവെള്ളവും. 6.9 ലക്ഷം പേർക്ക് ശുചിത്വ സംവിധാനങ്ങളും നടപ്പാക്കാൻ പദ്ധതി ലക്ഷ്യമിടുന്നു. |
| സി. | പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | സി. | i. പദ്ധതി നടത്തിപ്പിന് ഗുണഭോക്തൃ സമിതികളെ സഹായിക്കുന്നതിന് വേണ്ടി സഹായ സംഘടനകളേയും ഇവർ ഇല്ലാത്തിടത്ത് ഗ്രാമ പഞ്ചായത്ത് ആക്ഷൻ ടീമിനേയും നിയോഗിച്ചിട്ടുണ്ട്.<br>ii. പദ്ധതിയ്ക്ക് ഭരണാനുമതി ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയും സാങ്കേതികാനുമതി ഗ്രാമ പഞ്ചായത്തിൽ തന്നെ കെ.ആർ.ഡബ്ല്യു.എസ്.എ നിയമിച്ചിട്ടുള്ള പ്രോജക്ട് കമ്മീഷണറും നൽകുന്നു. പുറമെ ഗ്രാമ പഞ്ചായത്തിൽ ഒരു അക്കൗണ്ടന്റിനേയും നിയമിച്ചിട്ടുണ്ട്.<br>iii. നിർമ്മാണത്തിനാവശ്യമായ പണം മുൻകൂർ ഗഡുക്കളായി സമിതികൾക്ക് നൽകുന്നു.<br>iv. നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പാക്കുന്നതിന് വേണ്ടി പുറമെ നിന്നുള്ള ഗുണനിലവാരം നിർണ്ണയിക്കുന്ന ഒരു ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>v. നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിനും ആവശ്യമായ സപ്പോർട്ട് നൽകുന്നതിനും സംസ്ഥാനതലത്തിൽ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നേതൃത്വത്തിൽ കെ.ആർ.ഡബ്ല്യു.എസ്.എ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റും ഇടുക്കി, മലപ്പുറം, കണ്ണൂർ മേഖലാതലത്തിൽ റീജിയണൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകളും പ്രവർത്തിക്കുന്നു.<br>vi. ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ നേതൃത്വത്തിൽ പദ്ധതികൾ നിരന്തരം അവലോകനം ചെയ്യുന്നു. പങ്കാളികളുടെ യോഗങ്ങൾ വിളിച്ചുകൂട്ടി പ്രശ്നങ്ങൾ |

എന്തെങ്കിലും ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നു. ഓരോ പഞ്ചായത്തിലേയും പുരോഗതി ജലനിധി നടപ്പാക്കിയ വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ പ്രോഗ്രാം (ജെ.ഐ.എം.എസ്)-ലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാണ്.

സെക്ഷൻ ഓഫീസർ